## പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 529

01.12.2015- ൽ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.എ.മാധവൻ | : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ |
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | : | (സഹകരണവും ഖാദിഗ്രാമ |
| ശ്രീ.എ.റ്റി.ജോർജ് | : | വ്യവസായവും വകുപ്പ് മന്ത്രി) |
| ശ്രീ.ബെന്നി ബെഹനാൻ | : | |

| | |
|---|---|
| എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോൽസാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങളാക്കി / ബാങ്കുകളാക്കി മാറ്റുക. സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2011 മുതൽ സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ഈ പദ്ധതി നടപ്പാക്കിയതിലൂടെ ചുവടെ പരാമർശിക്കുന്ന തുകകൾ കുടിശ്ശിക ഇനത്തിൽ ഈടാക്കിയെടുത്തിട്ടുണ്ട്<br><br>2011 - 1007.05 കോടി രൂപ<br>2012 - 1995.61 കോടി രൂപ<br>2014 - 3079.53 കോടി രൂപ<br>2015 - 4030.98 കോടി രൂപ |

( ------------2)

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപലിശ മറ്റ് ചിലവുകൾ എന്നിങ്ങനെയായി ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പ്പാക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്.

2011 – 45.62 കോടി രൂപ
2012 - 53.48 കോടി രൂപ
2014 - 128.39 കോടി രൂപ
2015 - 140.54 കോടി രൂപ

ഇക്കാര്യത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കാര്യമായ പുരോഗതി 2014-15 വർഷം ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സ്വീകരിച്ചിട്ടുണ്ട്? | ഭരണതലത്തിൽ നടപടികൾ | (സി) 2014 -15 സാമ്പത്തിക വർഷം ആശ്വാസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും യൂണിറ്റ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) / ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) വരെ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തി യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സംഘം / ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് കൂടുതൽ വകുപ്പുതല ഉദ്യോഗസ്ഥൻമാരെ വിന്യസിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ |

( -------------3)

ആഫീസിലെ അഡീഷണൽ രജിസ്ട്രാറെ (ക്രഡിറ്റ്) നിയോഗിച്ചിരുന്നു. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനു വേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി വിവധ എഫ്. എം റേഡിയോകൾ, പത്രമാധ്യമങ്ങൾ, പോസ്റ്ററുകൾ എന്നിവ വഴി വകുപ്പ് തലത്തിലും, ഫ്ലക്സ് ബോർഡുകൾ, നോട്ടീസുകൾ, മൈക്ക് പബ്ലിസിറ്റി എന്നിവ വഴി സംഘം/ബാങ്ക് തലത്തിലും പ്രചാരണം നൽകുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**